**കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ**
**സംസ്ഥാനതല നയരൂപീകരണ ഏകോപനസമിതിയായ**
**കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC)**
**11-07-2010 ൽ സമർപ്പിക്കുന്ന**

# അവകാശ പത്രിക 2010

കേരളത്തിലെ ജനങ്ങളിൽ ചരിത്രപരമായും സാമൂഹികമായും പ്രത്യേകതകൾ ഉൾക്കൊള്ളുന്ന സമുദായമാണ് 20 ലക്ഷത്തിൽപരം വരുന്ന ലത്തീൻ കത്തോലിക്കർ. മത്സ്യത്തൊഴിലാളികളും കെട്ടിടനിർമ്മാണത്തൊഴിലാളികളും തോട്ടം തൊഴിലാളികളും മറ്റു ഇതര കൈത്തൊഴിലാളികളും ഉൾക്കൊള്ളുന്ന ഈ അടിസ്ഥാന വർഗ ജനവിഭാഗം പ്രധാനമായും കേരളത്തിന്റെ തീരങ്ങളെ കേന്ദ്രീകരിച്ച് അധിവസിക്കുന്നു. കണ്ണൂർ, കോഴിക്കോട്, കോട്ടപ്പുറം, വരാപ്പുഴ, വിജയപുരം, കൊച്ചി, ആലപ്പുഴ, കോട്ടയം, പുനലൂർ, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ ലത്തീൻ കത്തോലിക്ക രൂപതകളിൽ പെടുന്ന ഈ ജനവിഭാഗത്തിന്റെ സംസ്ഥാനതല നയരൂപീകരണ ഏകോപനസമിതിയാണ് കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ.

ജനസംഖ്യാനുപാതികമായി ഒരു ന്യൂനപക്ഷ സമുദായമാണെങ്കിലും സംസ്ഥാനത്തിന്റെ ബഹുമുഖമായ വളർച്ചയ്ക്ക് മഹത്തായ സേവനങ്ങളാണ് ഈ സമുദായം അർപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ സ്വാതന്ത്ര്യം ലഭിച്ചിട്ട് ആറ് ദശാബ്ദക്കാലം പിന്നിടുമ്പോഴും ഈ സമുദായത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക ജീവിത നിലവാരങ്ങളിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടില്ല. നിർഭാഗ്യവശാൽ മാറിമാറി വരുന്ന സർക്കാരുകൾ സമുദായത്തിന്റെ ന്യായമായ ആവശ്യങ്ങൾ നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ സമുദായത്തിന്റെ ഏതാനും അടിയന്തിര ആവശ്യങ്ങളിലേക്ക് ഞങ്ങൾ സവിനയം ക്ഷണിക്കുകയും, അവ അംഗീകരിക്കുന്നതിനും അനുകൂല നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സർക്കാരുകളുടെ ഭാഗത്തുനിന്ന് അടിയന്തര നീക്കങ്ങൾ ഉണ്ടാകുകണമെന്ന് ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**1 ദലിത്-പിന്നാക്കവിഭാഗങ്ങൾ ഉൾപ്പെടുന്ന ഇന്ത്യയിലെ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസ സാമ്പത്തിക സാമൂഹികാവസ്ഥ പഠിച്ച് സമഗ്രപുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ജസ്റ്റിസ് രാജീന്ദർ സച്ചാർ കമ്മീഷൻ മാതൃകയിൽ കമ്മീഷൻ രൂപീകരിക്കുക.**

സച്ചാർ കമ്മീഷൻ മുസ്ലീം സമുദായത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തി കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. കമ്മീഷന്റെ നിർദ്ദേശങ്ങൾ മുസ്ലീം സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്ക് ഏറെ സഹായകരമായിട്ടുണ്ട്. അതേസമയം, ക്രൈസ്തവരെക്കുറിച്ച് ഇതുപോലൊരു പഠനം ഇതുവരെ ഉണ്ടായിട്ടില്ല. ഇന്ത്യയിലെ ക്രൈസ്തവരിൽ നാലിൽ മൂന്നു പങ്കും ദലിത- മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവരാണ്. ആയതിനാൽ, ഇന്ത്യയിലെ ക്രൈസ്തവരുടെ സാമൂഹിക, സാമ്പത്തിക, ഉദ്യോഗ, സാംസ്കാരിക പശ്ചാത്തലങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സച്ചാർ മോഡൽ കമ്മീഷൻ അനുപേക്ഷണീയമായിരിക്കുന്നു. ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റ് ഉചിതമായ സത്വരനടപടികൾ സ്വീകരിക്കണമെന്നും തത്സബന്ധമായി സംസ്ഥാന ഗവണ്മെന്റ് വേണ്ട സമ്മർദ്ദം ചെലുത്തണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

**2** ഇന്ത്യയിലെ ദലിത് ക്രൈസ്തവർക്ക് ഭരണഘടന നൽകിയിള്ള അവകാശ പ്രകാരം മത പരിഗണന കൂടാതെ പട്ടികജാതി പദവി പ്രഖ്യാപിക്കണമെന്ന് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു.

> ഇന്ത്യയിലെ ദലിത് ക്രൈസ്തവർക്ക് മതപരിഗണനകൾ കൂടാതെ പട്ടികജാതി പദവി അനുവദിക്കണമെന്നുള്ള ദീർഘകാലാവശ്യം ഞങ്ങൾ ആവർത്തിക്കുന്നു. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് പട്ടകജാതി പദവി നല്കേണ്ടതാണെന്ന ജസ്റ്റിസ് രംഗനാഥ മിശ്ര കമ്മീഷൻ ശുപാർശ ലഭ്യമായതിനുശേഷവും ഈ പ്രശ്നത്തിൽ തീരുമാനം വച്ചുതാമസിപ്പിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ കാര്യത്തിൽ അനുകൂല തീരുമാനം കേന്ദ്രസർക്കാരിന്റെ ഭാഗത്തിനിന്നും ഉണ്ടാകണമെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കർ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്നും അവശ്യപ്പെടുന്നു.

**3** ദേശീയ വിദ്യാഭ്യാസ അവകാശ നിയമം-2009 നടപ്പിലാക്കപ്പെടുമ്പോൾ ന്യനപക്ഷങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ കേന്ദ്ര-സംസഥാന സർക്കാരുകൾ ബാധ്യസ്ഥരാണ്. ഈ ദിശയിൽ സത്വര നടപടികൾ സ്വീകരിക്കുകയും ആയതിന് ആവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപപ്പെടുത്തന്നതിന് മുമ്പ് ന്യൂനപക്ഷ സമുദായങ്ങളുമായി കൂടിയാലോചന നടത്തേണ്ടതാണ്.

**4** സംവരണനിയമങ്ങളുടെ ഫലപ്രാപ്തി പിന്നാക്ക സമുദായങ്ങൾക്ക് പൂർണ്ണമായി ഉറപ്പുവരുത്തുന്നതിനായി നിയമനങ്ങൾ ഇരുപതിന്റെ യൂണിറ്റുകളായി നടത്തുന്ന സമ്പ്രദായം നിർത്തലാക്കി ഹൈക്കോടതി വിധിക്കും സുപ്രീംകോടതി നിർദ്ദേശത്തിനും അനുസൃതമായി ഒഴിവുകൾ മുഴുവൻ ഒറ്റയുണിറ്റായി പരിഗണിച്ച് മെരിറ്റ്, സംവരണ അനുപാതം 50 : 50 ആയി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക

**5 പിന്നാക്ക സമുദായ സംവരണത്തിന്റെ ഫലപ്രാപ്തി പഠിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ലത്തീൻ കത്തോലിക്കർക്ക് സംവരണ ക്വാട്ടായിൽ 4370 ഉദ്യോഗങ്ങളും ദലിത് ക്രൈസ്തവർക്ക് 2290 ഉദ്യോഗങ്ങളുമാണ് നഷ്ടമായത്. ഈ നഷ്ടം നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ വീണ്ടും ശക്തമായി ആവശ്യപ്പെടുന്നു.**

**6** ഭരണഘടനാ സ്ഥാപനങ്ങളിലും ദേശിയ സംസ്ഥാന പ്രാദേശിക ഭരണകൂടങ്ങളിലെ നയരൂപീകരണ സമിതികളിലും സ്റ്റാറ്റ്യൂട്ടറി ബോഡികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ ഭരണ നിർവഹണ സമിതികളിലും ലത്തീൻ സമുദായത്തിന് അർഹമായ പ്രാതിനിധ്യം നൽകണം.

> ഭരണ നിർവഹണ തലങ്ങളിൽ സമൂദായത്തിന് പ്രാതിനിധ്യം ലഭിക്കുമ്പോഴാണ് രാഷ്ട്രീയ നീതി ലഭ്യമാകുന്നത്. സർക്കാരിന് നേരിട്ടു നിയമനം നടത്താവുന്ന നിരവധി സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ലത്തീൻ സമൂദായാംഗങ്ങൾ നിയമിക്കപ്പെടാതെ പോകുകയാണ്. ഇതിന് പരി ഹാരമായി മേൽപറഞ്ഞ സ്ഥാപനങ്ങളിൽ പിന്നാക്കവിഭാഗമായ
>
> ലത്തീൻ സമുദായാം ഗങ്ങൾക്ക് നീതിപൂർവകമായ പങ്കാളിത്തം ഉറപ്പാക്കുക.

**7** ഒട്ടേറെ അവാന്തര വിഭാഗങ്ങൾ ഉള്ള ലത്തീൻ സമുദായത്തിലെ അംഗങ്ങൾക്ക് സമുദായ സർട്ടി

**ഫിക്കറ്റ് ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് അവശ്യമായ സത്വര നടപടി സ്വീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുക**

പല വംശങ്ങളും ഉപജാതികളും ഉൾപ്പെടുന്നതുമൂലം ഉൾഘടക വൈവിധ്യമുള്ള ഒന്നാണ് ലത്തീൻ സമുദായം. എന്നാൽ വിവിധ ഉപജാതി സംജ്ഞകൾ സർക്കാർ തലത്തിൽ അംഗീകരിക്കപ്പെടാതെ കിടക്കുന്നതിനാൽ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം ഉാകുന്നു. ആയതിനാൽ ലത്തീൻ സമുദായത്തിലെ അവാന്തര വിഭാഗങ്ങളുടടെ ലിസ്റ്റ് ഔദ്യോഗികമായി അംഗീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കണം. ഇന്ന് ലത്തീൻ സമൂദായത്തിലെ ചില ഉപജാതികൾക്ക് ലഭിച്ചുകൊിരിക്കുന്ന, പ്രത്യേക ആനുകൂല്യങ്ങൾ നഷ്ടപ്പെടാത്തവിധം എല്ലാ ലത്തീൻകത്തോലിക്കർക്കും സമൂദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യുകയും വേണം.

**8 സാമൂഹിക വിദ്യാഭ്യാസ അവശതകൾ അനുഭവിക്കുന്ന ആംഗ്ളോ ഇൻഡ്യൻ വിഭാഗത്തിന് വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തുക. ഉദ്യോഗസംവരണത്തിലെന്ന പോലെ ലത്തീൻ കത്തോലിക്കരോടൊപ്പം ആംഗ്ളോ ഇന്ത്യൻ വിഭാഗത്തെ കൂട്ടിച്ചേർത്ത് ലത്തിൻ കത്തോലിക്കർക്കുള്ള വിദ്യാഭ്യാസ സംവരണം മൂന്ന് ശതമാനമായി വർദ്ധിപ്പിക്കുക.**

ആംഗ്ലോ-ഇന്ത്യൻ വിഭാഗം ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ അവിഭാജ്യഘടകമാണ്. എന്നാൽ വിദ്യാഭ്യാസ സംവരണകാര്യത്തിൽ ആംഗ്ളോ-ഇന്ത്യൻ സമുദായത്തെ ലത്തീൻ വിഭാഗത്തിൽനിന്ന് ഒഴിച്ചുനിർത്താനുള്ള നടപടികളാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ഒരു മതന്യൂനപക്ഷ സമുദായമെന്ന നിലയിൽ ലത്തീൻ കത്തോലിക്ക ഹയ്‌രാർക്കിയുടെ കീഴിൽ വരുന്ന ആംഗ്ളോ-ഇന്ത്യൻ സമുദായം ഉൾപ്പെടെ ലത്തീൻ കത്തോലിക്കാ സമുദായത്തെ ഒന്നായി കാണണമെന്നും പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനത്തിൽ ലത്തീൻ കത്തോലിക്ക സമൂദായത്തിന്റെ സംവരണം മുന്ന് ശതമാനവുമായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കാൻ സംസ്ഥാന സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

**9 ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കും തീരദേശവാസികൾക്കും, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത– പിന്നാക്ക ജനവിഭാഗങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിക്കാനാവശ്യമായ ഭൂമി അനുവദിക്കുക.**

വികസനത്തിനായുള്ള സാമ്പത്തികാവസരങ്ങളിൽ പ്രധാനപ്പെട്ടതാണ് ഭൂമിയുടെ ഉടമസ്ഥാവകാശം. തലമുറകളായി ലയങ്ങളിലും തിരപ്രദേശത്തെ കുടിലുകളിലും മറ്റും താമസിക്കേിവന്ന ഭൂരഹിതരായവർക്ക് സർക്കാരിന്റെയും ഇതര ഏജൻസികളുടെയും വികസന പദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നില്ല. ഭൂമിയുടെ നീതിരഹിതമായ വിലയാകട്ടെ പാവപ്പെട്ട തൊഴിലാളി കൾക്ക് ഒരുതുു ഭൂമിപോലും അപ്രാപ്യമാക്കുന്നു. ആത്മാഭിമാനത്തോടെയും ആത്മവിശ്വാസ ത്തോടെയും മുന്നേറുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശം അനുപേക്ഷണീയമാണ്.

10 **A കെട്ടിട നിർമ്മാണ രംഗത്ത് പ്രതിസന്ധി ഉളവാക്കുന്ന മണൽ ക്ഷാമത്തെക്കുറിച്ചു പഠിച്ച് ബദൽ നിർദ്ദേശം സമർപ്പിക്കാൻ വിദഗ്ദ്ധർ ഉൾപ്പെടുന്ന കമ്മീഷനെ നിയമിക്കുക.** _

പുഴ മണൽ ഖനന നിരോധനവും നിയന്ത്രണങ്ങളും കെട്ടിട നിർമ്മാണ മേഖലയിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. മാത്രമല്ല നിർമ്മാണാവശ്യത്തിനുള്ള വസ്തുക്കളുടെ വിലയും അനിയന്ത്രിതമായി വർദ്ധിക്കുന്നു. ആയിരം ചതുരശ്ര അടിവരെ തറവിസ്തീർണ്ണമുള്ള ഭവനങ്ങൾ പണിയുന്നവർക്ക് മണൽ ഉൾപ്പെടെ നിർമ്മാണ വസ്തുക്കൾ ന്യായവിലക്ക് ലഭ്യമാക്കുന്ന വിധത്തിൽ സർക്കാർ സംവിധാനങ്ങൾ ക്രമപ്പെടുത്തണം. ശാസ്ത്രീയമായ വിധം ബദൽ ഘടകങ്ങൾ കത്തൊനുള്ള പഠനങ്ങളും പരീക്ഷണങ്ങളും അത്യന്താപേഷിതമാണ്.

**10 B കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് മൺസൂൺ കാലത്ത് സൗജന്യ റേഷൻ അനുവദിക്കുക. അതോടൊപ്പം അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ട സഹായങ്ങൾ നൽകുക.**

**11 മത്സ്യമേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ**

**സ്വതന്ത്രചുമതലയുള്ള മന്ത്രാലയം രൂപീകരിക്കണം.**

രാജ്യത്തെ എണ്ണായിരത്തിൽപരം കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരത്തും ഉൾനാടൻ മത്സ്യമേഖലയിലുമായി 10 ദശലക്ഷത്തോളം മത്സ്യത്തൊഴിലാളികളാണുള്ളത്. ആദിവാസ, ദലിത് ജനവിഭാഗങ്ങളെപ്പോലെ പിന്നാക്കം നിൽക്കുന്ന് ജനവിഭാഗമാണ് മത്സ്യത്തൊ**ഴിലാളികൾ.** മൊത്ത ദേശിയ വരുമാനത്തിന്റെ ഒന്നര ശതമാനവും വിദേശ നാണ്യത്തിൽ ഗണ്യമായ ഒരു ഭാഗവും നേടിത്തരുന്ന മത്സ്യത്തൊഴിലാളികളുടെ വികസനം അവഗണിക്കപ്പെടുകയാണ്. സമീപകാലത്ത് ഏഴു മന്ത്രാലയങ്ങളാണ് കടലും, കടൽത്തീരവും മൽസ്യബന്ധനവുമായി ബന്ധപ്പെട്ട നിയമ നിർമ്മാണ ശ്രമങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേിവന്നത്. ഈ നിയമങ്ങളിലെ വ്യവസ്ഥകൾ പലതും മത്സ്യത്തൊഴിലാളികളുടെ മൗലികാവകാശങ്ങളെ നിരാകരിക്കുന്നവയുമാണ്. ഒരു സ്വതന്ത്ര മന്ത്രാലയം ഉായിരുന്നെങ്കിൽ ഈ നിയമനിർമ്മാണ ശ്രമങ്ങൾക്ക് ആവശ്യമായ ഏകോപനം നൽകി ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാമായിരുന്നു. ആയതിനാൽ മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാരിൽ സ്വതന്ത്രചുമതലയുള്ള മന്ത്രാലയം എത്രയും വേഗത്തിൽ രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**മത്സ്യതൊഴിലാളി സമൂഹത്തിന്റെ പിന്നാക്കാവസ്ഥ പരിഗണിച്ച് തീരദേശത്തിന്റെയും ഉൾനാടൻ മത്സ്യമേഖലയുടെയും സമഗ്ര വികസനത്തിനുതകുന്ന വികസന പാക്കേജ് (വിദർഭ, കുട്ടനാട്, ഹൈറേഞ്ച് മോഡൽ) കേന്ദ്ര ഗവണ്മെന്റെ പ്രഖ്യാപിക്കുക. അതിനായി സംസ്ഥാന സർക്കാർ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.**

**13 കടലാക്രമണം ഒരു ദേശീയപ്രകൃതി ദുരന്തമായി കണക്കാക്കി അടിയന്തിരമായി ശാസ്ത്രീയമായ പുലിമുട്ടോടുകൂടിയ കടൽഭിത്തി, കണ്ടൽകാടുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ കടൽതീരത്ത് നടപ്പിലാക്കുകയും പുനരധിവാസ പ്രക്രിയയ്ക്ക് സ്ഥിരം സംവിധാനം ഉറപ്പുവരുത്തുകയും കടൽക്ഷോഭത്തിൽ ഇരയാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും ചെയ്യുക**

കേരളത്തിന്റെ കടൽതീരം സംരക്ഷിക്കേത് രാജ്യത്തിന്റെ തന്നെ ആവശ്യമാണ്. കടലിനെ ആശ്രയിച്ചു കഴിയുന്ന സാധാരണ ജനങ്ങളുടെ വീടും പരിമിതമായ ഭൂമിയും തൊഴിലുപകരണങ്ങളും കൃഷിയുമെല്ലാം ഒറ്റയടിക്ക് കടലെടുത്തുപോകുന്ന ദുരന്തം മറ്റേതൊരു ദേശീയ ദുരന്തവും പോലെ തന്നെയാണ്. കടലാക്രമണത്തിന് ഇരയാകുന്ന മത്സ്യത്തൊഴിലാളികളെ പനരധിവസിപ്പിക്കുന്നതിനൊപ്പം തീരത്തിന്റെ മേലുള്ള അവകാശം തീരദേശവാസികൾക്കുമാത്രമായി ഉറപ്പുവരുത്തുകയും കടൽസുരക്ഷയ്ക്കുവേ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.

**വിനാശകരമായ മത്സ്യബന്ധന രീതികൾ, അമിത ചൂഷണം, മലിനീകരണം, ആഗോളതാപനം എന്നിവമൂലം മത്സ്യസമ്പത്തിന് ശോഷണം ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കടലും തീരവും മത്സ്യസമ്പത്തും സംരക്ഷിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുക.**

കടൽസമ്പത്ത് വർഷന്തോറും ശോഷിച്ചുവരുകയാണ്. അനിയന്ത്രിതമായ മത്സ്യബന്ധനവും കടലിൽ വന്നടിയുന്ന മാലിന്യങ്ങളും മറ്റു പ്രകൃതിജന്യമായ പ്രശ്നങ്ങളും ഇതിന് കാരണമാകു ന്നുണ്ട്. നിയമനിർമ്മാണം ഉൾപ്പെടെ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് കടലിന്റെ ആവാസ വ്യവസ്ഥയും കടൽസമ്പത്തും സംരക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ തയ്യാറാക്കണം. പി. മുരാരി കമ്മിറ്റി ശുപാർശപ്രകാരം വിദേശ മീൻപിടുത്ത കപ്പലുകളെ നിയന്ത്രിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

**15 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായകരമാകുന്ന മിനിഫിഷിംഗ് ഹാർബറുകൾ ശാസ്ത്രീയമായി തീരപ്രദേശങ്ങളിൽ നിർമ്മിക്കുകയും സംസ്കരണ വിപണന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.**

കനത്ത ഇന്ധനചെലവാണ് മത്സ്യത്തൊഴിലാളികളെ കടക്കെണിയിലാഴ്ത്തുന്നത്. മത്സ്യവുമായി തീരത്തണയുവാൻ സുരക്ഷിതമായ സ്ഥലങ്ങൾ തീരെക്കുറവാണ്. തന്മൂലം നിലവിലുള്ള വിപണനകേന്ദ്രങ്ങളിൽ പോയിവരാൻ മത്സ്യത്തൊഴിലാളികൾക്ക് വളരെയേറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ഇതിനുവേണ്ടിവരുന്ന എണ്ണവിലയും മറ്റുചെലവുകളും മൂലം വരുമാനം ഗണ്യമായി കുറയുന്നു. മാത്രമല്ല, ഒന്നോ രണ്ടോ വിപണനകേന്ദ്രം മാത്രമാകുമ്പോൾ വിലയിടിവ് ഉണ്ടാകുകയും ചെയ്യുന്നു. ഇതിനൊക്കെ പരിഹാരമായി തീരദേശത്ത് മിനിഫിഷിംഗ് ഹാർബറുകൾ ശാസ്ത്രീയമായി സ്ഥാപിച്ച് മത്സ്യത്തൊഴിലാളികളടെ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണം.

**16 കടലിലും ഉൾനാടൻ ജലാശയങ്ങളിലും മീൻപിടിക്കാനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിനാണെന്നും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കാണെന്നും ഉറപ്പുവരുത്തുന്ന നിയമം കൊണ്ടുവരിക.**

**17 കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതി ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടെയും കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നചിന് നടപടി എടുക്കുക.**

**18 തീരദേശ നിയന്ത്രണനിയമത്തിന്റെ അടിസ്ഥാനത്തിൽ തീരദേശവാസികൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുക,**

ഒരു നിശ്ചിത സമയക്രമം പാലിക്കാനാവാത്ത തൊഴിലാണ് മത്സ്യബന്ധനം. ഏതുസമയത്തും വഞ്ചിയുമായി ഇറങ്ങിത്തിരിക്കാൻ മത്സ്യത്തൊഴിലാളികൾ നിർബന്ധിതരാണ്. തന്മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലോരത്തു താമസിച്ചേ തീരൂ. ഇത് ഒരു സമൂഹത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. അതിനാൽ തീരദേശവാസികൾക്ക് ഭവനം നിർമ്മിക്കാൻ തീരദേശ നിയന്ത്രണ നിയമത്തിൽ ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുണം. കടലോരത്ത് യാതൊരു നിയന്ത്രണവുമില്ലാതെ ഏക്കർകണക്കിന് സ്ഥലം ടൂറിസം റിസോർട്ടുകൾക്കായി പതിച്ചുകൊടുക്കന്ന പ്രവണത അവസാനിപ്പിക്കയും വേണം.

**19 കടലോരപ്രദേശത്ത് വൻകിട ടൂറിസം - വാണിജ്യ സമുച്ചയങ്ങൾ അനുവദിക്കാതിരിക്കുക.**

**വികസന പദ്ധതികൾക്കായി കുടിയൊഴിപ്പിക്കേണ്ട സാഹചര്യത്തിൽ പുനരധിവാസക്രമീകരണത്തിനുശേഷം മാത്രം ഭൂമി ഏറ്റെടുക്കുക. മൂലമ്പള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരിധിവാസം എത്രയും വേഗം പൂർത്തിയാക്കണം.**

അടിസ്ഥാന ജനവിഭാഗത്തിന്റെ ആവാസകേന്ദ്രങ്ങൾ കൈക്കലാക്കാൻ ഭൂമാഫിയകളും വൻകിട ബിസിനസ്സുകാരും നടത്തുന്ന പരിശ്രമങ്ങൾ ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ വലിയ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഗുരുതരമായ സാമൂഹിക, മാനുഷിക, തൊഴിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികളുടെ ആവാസ കേന്ദ്രമാകുന്ന കടലോരപ്രദേശത്ത് വൻകിട ടൂറിസം - വാണിജ്യ സമൂച്ചയങ്ങൾ അനുവദിക്കാ തിരിക്കണം. കടലോരത്ത് മണൽ കടത്ത് കർശനമായി നിരോധിക്കുക. പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ നിർദ്ദിഷ്ഠ നാഷണൽ ഡവലപ്പ്മെന്റ് ആൻഡ് ഡിസപ്ലെയ്സമെന്റ് പോളിസി മാർഗ്ഗ രേഖയായി, സ്വികരിക്കേണ്ടതാണ്.

**20 സുനാമി ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കുകയും, ഫണ്ട് കടലോര നിവാസികൾക്കുമാത്രമായി പരിമിതപ്പെടുത്തുകയും ചെയ്യുക. സുനാമി ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി, വകമാറ്റി ചെലവഴിക്കപ്പെട്ട തുകയ്ക്ക് തുല്ല്യമായ പരിഹാര നടപടികൾ സ്വീകരിക്കുക.**

**21 തീരദേശത്തിന്റെയും തീരദേശവാസികളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തീരദേശവികസന അഥോറിറ്റി രൂപീകരിക്കാൻ കേരള സർക്കാർ സത്വര നടപടി സ്വീകരിക്കുക. പ്രസ്തുത സംവിധാനത്തിന്റെ നേതൃ തലങ്ങളിൽ തീരദേശവാസികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.**

**22** കൊച്ചിയിലെ കടൽതീരത്തിന്റെ സുരക്ഷയ്ക്കാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുക

വല്ലാർപാടം ടെർമിനലിന്റെ കപ്പൽചാലിന്റ ആഴപ്പെടുത്തൽ മൂലം കൊച്ചിമേഖലയിലെ കടൽതീരം ഇടിയാനും നാശം സംഭവിക്കാനും സാധ്യതയുണ്ട്. ഇതിന് ഉചിതമായ ശാസ്ത്രീയ പരിഹാര നടപടികൾ സ്വീകരിക്കുക.

**23** തോട്ടം, തീരദേശം എന്നീ മേഖലകളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഗണിച്ച് സർക്കാർ ആ പ്രദേശങ്ങളിൽ ആവശ്യാനുസരണം സ്കൂളുകളും കോഴ്സുകളും ഉന്നത വിദ്യാഭ്യാസ -സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കണം. മലബാർമേഖലയിൽ കൂടുതലായി അനുവദിക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലത്തീൻ കത്തോലിക്ക സമൂദായത്തിന് അർഹമായ പങ്ക് ഉറപ്പാക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

**24** സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന ദലിത് ക്രൈസ്തവരുടെയും മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടേതിനു തുല്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകപ്പെടുന്നുണ്ട്. എന്നാൽ ചില സ്വാശ്രയപ്രഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടിരിക്കയാണ്. ഈ വിവേചനം അവസാനിപ്പിച്ച് ഈ ആനുകൂല്യങ്ങൾ കേരളത്തിലെ മുഴുവൻ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് ബാധകമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടന്നു.

**25** സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ലിംഗ-പദവി നീതി ഉറപ്പുവരുത്തുന്നതിനായി ഫലപ്രദമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. വനിതാ സംവരണ നിയമത്തിൽ വനിതകൾക്കായി നീക്കിവയ്ക്കുന്ന സീറ്റുകളിൽ 50 ശതമാനം ദലിത് പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ള വനിതകൾക്ക് അവകാശപ്പെട്ടവയായി വ്യവസ്ഥചെയ്യണം.കൂടാതെ, സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കൻവേണ്ടി നിലവിലുള്ള നിയമങ്ങൾ ശക്തമായും ഫലപ്രദമയും നടപ്പിലാക്കുണം.

**26** മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പിലാക്കുക.

**27** വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ തുറമുഖത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കണം

## ഉപസംഹാരം

രാജ്യത്തെ അടിസ്ഥാന വർഗ്ഗവിഭാഗങ്ങൾ ഉൾപ്പെടുന്ന ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സമഗ്രവളർച്ച സാധ്യമാക്കി പ്രസ്തുത സമൂഹത്തെ രാഷ്ടത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി നാം വിഭാവന ചെയ്യുന്ന ക്ഷേമരാഷ്ട്ര സൃഷ്ടിക്കു സഹായകരമാകുന്നതിന് മേൽ ഉന്നയിച്ച എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് അടിയന്തിരമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ഈ സമ്മേളനം ശക്തിയുക്തം ആവശ്യപ്പടുന്നു.

തിരുവനന്തപുരം/ ജൂലൈ 11, 2010